പാലക്കാട് ജില്ലയിൽ അഡീഷണൽ ജില്ലാ ട്രഷറി

1980 [3052] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എട്ട് സബ് ട്രഷറികളുള്ള ജില്ലയിൽ ഒരു അഡീഷണൽ ജില്ലാ ട്രഷറി സ്ഥാപിക്കുവാനുള്ള വ്യവസ്ഥയുണ്ടോ;

(ബി) ഉണ്ടെങ്കിൽ പത്ത് സബ് ട്രഷറികളുള്ള പാലക്കാട് ജില്ലയിൽ ഒരു അഡീഷണൽ ജില്ലാ ട്രഷറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അഡീഷണൽ ജില്ലാ ട്രഷറികൾ അനുവദിക്കാൻ പ്രത്യേക മാർഗ്ഗരേഖകളൊന്നും നിലവിലില്ല.

(ബി) പാലക്കാട് ജില്ലയിലെ പത്തു സബ് ട്രഷറികളുടെയും പാലക്കാട് ജില്ലാ ട്രഷറിയുടെയും മൊത്തത്തിലുള്ള ജോലിഭാരം കണക്കാക്കുമ്പോൾ വീണ്ടും ഒരു അഡീഷണൽ ജില്ലാ ട്രഷറി തുടങ്ങേണ്ട ആവശ്യം ഭരണപരമായി ഇല്ല.

ട്രഷറി ഡിപ്പാർട്ടുമെൻറിലെ പ്രമോഷൻ

1981 [3053] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി ഡിപ്പാർട്ടുമെൻറിലെ പ്രമോഷൻ സ്റ്റേറ്റ് വൈസായി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നുമുതലാണ് നടപ്പാക്കിയത്;

(സി) ഇതുമൂലം ജില്ലാതലത്തിൽ ജോലി നോക്കുന്നവർക്ക് റിവേർഷൻ വരുമോ; എങ്കിൽ എത്രപേരെ ബാധിക്കും?

ഉത്തരം

(എ) ട്രഷറി വകുപ്പിൽ സ്റ്റേറ്റ് അടിസ്ഥാനത്തിൽ പ്രമോഷൻ നടത്താനുള്ള സർക്കാർ ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

(ബി) 'എ' യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) സ്റ്റേറ്റ്വൈസായി സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനെറ അടിസ്ഥാനത്തിൽ ആരുടെയെങ്കിലും റാങ്ക് നഷ്ടപ്പെടുന്നതുമൂലം റിവേർഷൻ വരുന്ന പരിതഃസ്ഥിതി ഉണ്ടെങ്കിൽ അത്തരക്കാർക്ക് സംരക്ഷണം നൽകാനും റിവേർഷൻ കൂടാതെ അവർ ഇരിക്കുന്ന തസ്തികയിൽ തുടരുന്നതിനുമുള്ള നിബന്ധന ചെയ്തിട്ടുണ്ട്.

വേയ്സ് ആൻറ് മീൻസ്

1982 [3054] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1-11-1986-ലെ സംസ്ഥാനത്തിൻെറ വേയ്സ് ആൻറ് മീൻസ് പൊസിഷൻ എന്താണെന്നു വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly